ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതി

266 (963) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര തുകയാണ് ധനസഹായമായി നൽകിവരുന്നത്; വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ നല്കുന്ന തുക ഗൃഹനിർമ്മാണത്തിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് വർദ്ധവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭവനനിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപ നൽകിവരുന്നു. 4 ഗഡുക്കളായാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നത്. (ഒന്നാം ഗഡു 15%, രണ്ടാം ഗഡു 30%, മൂന്നാം ഗഡു 40%, നാലാം ഗഡു 15%) ധനസഹായത്തിന്റെ ഒന്നാം ഗഡു അഡ്വാൻസായിട്ടാണ് വിതരണം ചെയ്യുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് ഒരു ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി നൽകിവരുന്നത്.

(സി) ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിവിധ വികസന പരിപാടികൾക്കായി നീക്കിവച്ചതും ചെലവഴിച്ചതുമായ തുക

267 (964) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ പട്ടികജാതി വികസന വകുപ്പിൽ വിവിധ വികസന പരിപാടികൾക്കായി നീക്കിവച്ച തുക പദ്ധതി അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 ബഡ്ജറ്റിൽ ഓരോ പദ്ധതികൾക്കായും നീക്കിവച്ച തുകയിൽ 31-1-2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

ഉത്തരം

(എ) 2014-15 ബഡ്ജറ്റിൽ പട്ടികജാതി വികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക 1,25,107 രൂപയാണ്. പദ്ധതിയടിസ്ഥാനത്തിലുള്ളത് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) 2014-15-ലെ ബഡ്ജറ്റിൽ പട്ടികജാതി വികസനത്തിനായി ഓരോ പദ്ധതികൾക്കായും നീക്കിവച്ച തുകയിൽ 31-1-2015 വരെ 56842.13934 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

സ്വയം പര്യാപ്ത ഗ്രാമം പഞ്ചായത്തിൽ ഉൾപ്പെടുത്തിയ പുളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ

268 (965) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടുവായൂർ പഞ്ചായത്തിലെ പുളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly